**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - സംസ്ഥാനത്തെ തുറമുഖ വകുപ്പിന്റെ കീഴിലുള്ള കാസർഗോഡ്, തലശ്ശേരി, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നിവ ഉൾക്കൊള്ളുന്ന 2 7 കടവുകളിലും കടവ് സൂപ്പർവൈസർ, അസിസ്റ്റന്റ് കടവ് സൂപ്പർവൈസർ, കടവ് അസിസ്റ്റന്റ് എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.913/2018/മ.ടു.വ** തീയതി,തിരുവനന്തപുരം, 22/11/2018

---

പരാമർശം:-

1. 26/02/2016 തിയ്യതിയിലെ സ.ഉ.(പി) നം. 28/2016/ധന നമ്പർ ഉത്തരവ്
2. 09/02/2017 ലെ സ.ഉ. (എം.എസ്)നം. 2/2017/മതുവ നമ്പർ ഉത്തരവ്.
3. 3/08/04/17 ലെ സ.ഉ.(പി) 56/2017/ധന നമ്പർ ഉത്തരവ്.
4. .30/8/2017 ലെ സ.ഉ. (സാധാ) 680/2017/മതുവ നമ്പർ ഉത്തരവ്
5. തുറമുഖഡയറക്ടറുടെ 14/9/2017, 6/4/2018 എന്നീ തീയതികളിലെ സി3-3485/2016/ഡിപി നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത് സംബന്ധിച്ച പൊതുനയം അംഗീകരിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നയത്തിന്റെ ഭാഗമായി മാന്വൽ ഡ്രെഡ്ജിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി അഴീക്കൽ, വടകര എന്നീ കടവുകളിൽ ഓരോ കടവ് സൂപ്പർവൈസർ, അസിസ്റ്റന്റ് കടവ് സൂപ്പർവൈസർ, കടവ് അസിസ്റ്റന്റ് എന്നിവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം 4 പ്രകാരം അനുമതി നൽകിയിരുന്നു. അതുപോലെ, കാസർഗോഡ്, തലശ്ശേരി, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നി തുറമുഖങ്ങളിലെ 27 കടവുകളിലും കടവ് സൂപ്പർവൈസർ, അസിസ്റ്റന്റ് കടവ് സൂപ്പർവൈസർ, കടവ് അസിസ്റ്റന്റ് എന്നിങ്ങനെ 3 ജീവനക്കാരെ വീതം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ( 5 ) പ്രകാരം തുറമുഖ ഡയറക്ടർ

അഭ്യർത്ഥിച്ചിരിക്കുന്നു.

2 ) തുറമുഖ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ്, തലശ്ശേരി, ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നിവ ഉൾക്കൊള്ളുന്ന 27 കടവുകളിലും ഒരു കടവ് സൂപ്പർവൈസർ, അസിസ്റ്റന്റ് കടവ് സൂപ്പർവൈസർ, കടവ് അസിസ്റ്റന്റ്

എന്നിങ്ങനെ 3 ജീവനക്കാരെ **(**കാസർഗോഡ്- **12x3=36)** തലശ്ശേരി-**1x3=3,** ബേപ്പൂർ - **4x3=12,** പൊന്നാനി- **2x3=6,** കൊടുങ്ങല്ലൂർ- **8x3=24** (ആകെ 27X3 = 81 ജീവനക്കാർ**)** വീതം ധനകാര്യ വകുപ്പിന്റെ പരാമർശം 1, 3 ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി സുതാര്യമായ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തി കടവ് സൂപ്പർവൈസർക്കു (കാറ്റഗറി-III) 710/- രൂപയും അസിസ്റ്റന്റ് കടവ് സൂപ്പർവൈസർക്കു (കാറ്റഗറി-II) 685/- രൂപയും കടവ് അസിസ്റ്റന്റിന് (കാറ്റഗറി-I) 630/- രൂപയും, വേതനം നിശ്ചയിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തുറമുഖ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.റ്റി.ജോയി**

**ഡെപ്യൂട്ടി സെക്രട്ടറി**

:

ഡയറക്ടർ, തുറമുഖ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

ധനകാര്യ വകുപ്പ് (Note No. Dev-4/108/2017/Fin. dated 30/10/2018)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ